(സി) സംസ്ഥാന ഔഷധസസ്യ ബോർഡ് നിലവിൽ വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതികളായ ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം, സ്കൂളിലൊരു ഔഷധത്തോട്ടം, സർക്കാർ സർക്കാരിതര തരിശുഭൂമികളിലെ ഔഷധ സസ്യകൃഷി, വനംവകുപ്പുമായി സഹകരിച്ചുള്ള ഔഷധ സസ്യകൃഷി, ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ ഉത്പാദനം, തനത് ആവാസ വ്യവസ്ഥയിലെയും ആവാസവ്യവസ്ഥയ്ക്ക് പുറമെയുമുള്ള ഔഷധസസ്യ സംരക്ഷണം തുടങ്ങിയവ കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഔഷധ സസ്യകൃഷി കൂടുതൽ ജനകീയമാക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഔഷധസസ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടും കർഷക സംഘങ്ങളുടെ സഹായ സഹകരണത്തോടും ദേശീയ ഔഷധസസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടുംകൂടി ഗ്രാമീണം എന്ന പദ്ധതി നടപ്പാക്കാൻ സംസ്ഥാന ഔഷധസസ്യ ബോർഡ് ലക്ഷ്യമിടുന്നു. കൂടാതെ ഔഷധിയുടെ കൂട്ടനെല്ലൂരുള്ള പ്ലാന്റേഷനിലും കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള പ്ലാന്റേഷനിലും ഉദ്ദേശം 100000 ഔഷധ സസ്യങ്ങൾ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത വർഷം കണ്ണൂർ ജില്ലയിലെ പരിയാരത്തുള്ള പ്ലാന്റേഷനിൽ ചുരുങ്ങിയത് അഞ്ച് ഏക്കറിൽ ഔഷധ നിർമ്മാണത്തിനാവശ്യമായ പുളി നട്ടുവളർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

24 (*384) <u>ശ്രീ. എം. എ. ബേബി</u> :

<u>ശ്രീമതി കെ. എസ്. സലീഖ</u> :

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം, ഛത്തീസ്ഗഢ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തിയിരുന്നോ;

(ബി) ഗുണമേന്മ ഇല്ലാത്തതും ഹാനികരവുമായ മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും വില്പന തടയാൻ ബോർഡിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മരുന്നുകളുടെ ഉപയോഗത്തെയും ഗുണമേന്മയേയും കുറിച്ച് തെറ്റായ പരസ്യങ്ങൾ നിത്യേന മാധ്യമങ്ങളിൽ വരുന്നത് തടയാൻ ബോർഡിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ):

(എ) പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രഥമമായ ലക്ഷ്യം. പത്ര-ദൃശ്യ മാധ്യമങ്ങളിൽനിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ദുരന്തത്തിനുള്ള കാരണം ദീർഘനാളായി ഉപയോഗശൂന്യമായി കിടന്ന ഓപ്പറേഷൻ തീയേറ്ററിൽ ഒരു ക്യാമ്പിന്റെ ഭാഗമായി കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തിയതിനെ തുടർന്നാണ്. കൂടാതെ മരുന്നിന്റെ ഗുണനിലവാരം/മായം എന്നിവയും സംശയിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും നടത്തുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(ബി &സി) സാധിക്കുന്നുണ്ട്.

ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം

25(*385) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രധാന വരുമാന സ്രോതസ്സിലൊന്നായി വികസിക്കുന്ന വിനോദസഞ്ചാര മേഖലയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ വളരെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly